LIBRARY ARCHIVES Kerala Legislative Assembly

പരവൂരിലെ ഫയർ സ്റ്റേഷൻ

81 [86] ശ്രീ. ജി. പ്രതാപവർമ്മ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പരവൂരിൽ അനുവദിച്ച ഫയർ സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

പരവൂർ നഗരസഭ നൽകാമെന്നേറ്റിട്ടുള്ള സ്ഥലം ഇതേ വരെ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിനു കൈമാറിക്കിട്ടിയിട്ടില്ല. ആയതിനാൽ കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല.

ജയിൽ വാർഡൻ തസ്തികയുടെ റാങ്ക് ലിസ്റ്റ്

82 [87] ശ്രീ. എം. എ. ചന്ദ്രശേഖരൻ:

,, ഇ. എം. ആഗസ്തി:

ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിലുകളിൽ വാർഡർമാരായി നിയമിക്കപ്പെടുന്നതിന് ഏറ്റവും ഒടുവിൽ പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ എത്രപേരുടെ പേരുണ്ടായിരുന്നു;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി നടത്തിയ എഴുത്ത് പരീക്ഷയിൽ എത്രപേർ പങ്കെടുത്തു;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉണ്ടായിരുന്ന എല്ലാപേരേയും അതിന്റെ കാലാവധി തീരുന്നതിനുമുൻപായി നിയമിച്ചു കഴിഞ്ഞുവോ;

(ഡി) പ്രസ്തുത ലിസ്റ്റിന്റെ കാലാവധി തീരുന്നതിനുമുമ്പ് റിപ്പോർട്ട് ചെയ്യുന്ന ബാക്കി ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതെപ്രകാരമെന്ന് അറിയിക്കുമോ?

ഉത്തരം

(എ—ഡി) പി.എസ്.സി.-യിൽ നിന്നും വിവരം ശേഖരിച്ചു നൽകുന്നതാണ്.

ബേപ്പൂരിൽ കോസ്റ്റ്ഗാർഡ് സ്റ്റേഷൻ

83 [88] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂരിൽ സ്ഥാപിക്കാൻ നിശ്ചയിച്ച കോസ്റ്റ്ഗാർഡ് സ്റ്റേഷനുവേണ്ട സ്ഥലവും, കെട്ടിടവും ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നല്കാമോ;

(ബി) കോസ്റ്റ്ഗാർഡ് സ്റ്റേഷൻ സ്ഥാപിക്കാനായി ഇതേവരെ നടത്തിയ പ്രവർത്തനങ്ങളും, ഓരോ പ്രവർത്തിക്കും ചെലവ് ചെയ്ത തുകയും ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) കോസ്റ്റ്ഗാർഡ് സ്റ്റേഷൻ എന്നേയ്ക്ക് പൂർത്തിയാകും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ബേപ്പൂരിൽ കോസ്റ്റ്ഗാർഡ് സ്റ്റേഷൻ നിർമ്മിക്കാൻ ആവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ടി താലൂക്കിൽ ബേപ്പൂർ ദേശത്ത് സ്ഥിതി ചെയ്യുന്ന താഴെപ്പറയുന്ന സർവ്വേ നമ്പരുകളിൽപ്പെട്ടതും മത്സ്യബന്ധന വകുപ്പിന്റെ ഉടമസ്ഥതയിലുമുള്ള 3.94 ഏക്കർ ഭൂമി 24-12-2004-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 383/2004/റവന്യൂ പ്രകാരം കോസ്റ്റ്ഗാർഡ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കൈമാറി നൽകാൻ ഉത്തരവായിട്ടുണ്ട്.

റിസ.	85/2എ	0.72 ഏക്കർ
റിസ.	85/2ബി	0.51 ഏക്കർ
റിസ.	85/1എ2	1.89 ഏക്കർ
റിസ.	61/2എ1	0.82 ഏക്കർ
	ആകെ	3.94 ഏക്കർ

ടി ഭൂമി കോസ്റ്റ്ഗാർഡിന് പതിച്ചു നൽകാൻ റവന്യൂ വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.

(ബി) കോസ്റ്റ്ഗാർഡ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി 3.94 ഏക്കർ സ്ഥലം പതിച്ചു നൽകാൻ റവന്യൂ വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു. തുറമുഖ വകുപ്പ് ഇതിനായി തുകയൊന്നും ചെലവ് ചെയ്തിട്ടില്ല.

(സി) കോസ്റ്റ്ഗാർഡ് സ്റ്റേഷന്റെ നിർമ്മാണം സംസ്ഥാന സർക്കാരിന്റെ നിയന്ത്രണ പരിധിയിലല്ല. അതിനാൽ നിർമ്മാണം എന്നേക്ക് പൂർത്തിയാകുമെന്ന് ഇപ്പോൾ പറയാൻ സാധിക്കുകയില്ല.

രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്ത യോദ്ധാക്കൾക്ക് പ്രതിമാസം നൽകിവരുന്ന ധനസഹായം

84 [89] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്ത യോദ്ധാക്കൾക്ക് പ്രതിമാസം നൽകി വരുന്ന ധനസഹായം എത്രയാണ്;

(ബി) ഈ ധനസഹായം ഉയർത്തുവാൻ ഉദ്ദേശം ഉണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly